പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4112 16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ കരാർ ജീവനക്കാർ

<u>ചോദ്യം</u>
ശ്രീ.പി.സി. ജോർജ്

<u>ഉത്തരം</u>
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരാർ വ്യവസ്ഥയിൽ കെ.എസ്. ആർ.ടി.സി.യുടെ വിവിധ വർക്ക് ഷോപ്പുകളിലും മറ്റും 5 - 10 വർഷക്കാലം ജോലി നോക്കി വന്നിരുന്ന തൊഴിലാളികളെ ജോലിയിൽ നിന്നും പിരിച്ചുവിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ബസ് ബോഡി നിർമ്മാണം നടത്തുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിരുന്നു. വാങ്ങിയ എല്ലാ ഷാസികളിലും ബോഡി നിർമ്മാണം പൂർത്തിയായതിനാൽ, മറ്റു ജോലികളുടെ അഭാവത്തിൽ, കുറച്ച് ജീവനക്കാരെ മാറ്റി നിർത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് വയസ്സ് കൂടിയതുമൂലം വേറൊരു സ്ഥാപനത്തിൽ ജോലി ലഭിക്കുന്നതിനോ, പി.എസ്.സി. പരീക്ഷ എഴുതുന്നതിനോ സാധിക്കാത്തതിനാൽ പിരിച്ചുവിട്ട ഏകദേശം 250 ഓളം വരുന്ന ജീവനക്കാരെ തിരിച്ചെടുത്ത് ഇവരുടെ കുടുംബങ്ങളെ പട്ടിണിയിൽ നിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) | കെ.എസ്.ആർ.റ്റി.സി.യുടെ പുതിയ ബസ് ബോഡി നിർമ്മിക്കുന്നതിനായി നിയോഗിച്ചിരുന്ന താൽക്കാലിക ജീവനക്കാരെ ടി പ്രവൃത്തി അവസാനിച്ചതിനാൽ മാറ്റിനിർത്തുകയായിരുന്നു. പുതിയ ഷാസികൾ വാങ്ങി ബോഡി ബിൽഡിംഗ് ആരംഭിക്കുമ്പോൾ ടി ജീവനക്കാരെ മുൻഗണനാക്രമം നൽകി തിരിച്ചെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**